(സി) ആദ്യം 13 പ്രസ്സുകൾക്ക് ടെണ്ടർ നൽകിയശേഷം അവയ്ക്കു നൽകിയ പ്രിന്റിംഗ് ജോലികൾ റദ്ദുചെയ്ത് പുതിയ ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ കാരണമറിയിക്കുമോ;

(ഡി) പ്രിന്റിംഗ് ജോലിക്ക് പരിഗണിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ സർക്കാർ സമിതി വിലയിരുത്താറുണ്ടോ;

(ഇ) എങ്കിൽ രണ്ടാമത്തെ ടെണ്ടർ പ്രകാരം ജോലികൾ നൽകിയ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ സർക്കാർ സമിതി പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004–2005 വർഷത്തേയ്ക്കുള്ള പാഠപുസ്തക അച്ചടി സഹകാര്യ പ്രസ്സുകൾക്കും നൽകിയിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പാഠപുസ്തക അച്ചടിയുടെ ടെണ്ടർ സംബന്ധിച്ച് പത്രങ്ങളിൽ ആക്ഷേപമുണ്ടായതിനെ തുടർന്ന് ആദ്യത്തെ ടെണ്ടർ നടപടികൾ റദ്ദാക്കുകയും പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. രണ്ടാമത്തെ ടെണ്ടർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കുകൾ നൽകിയ ആറു പ്രസ്സുകളെ ജോലി ഏൽപ്പിക്കുകയും ചെയ്തു.

(ഡി) വിലയിരുത്തിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഹയർസെക്കണ്ടറി സിലബസും പരീക്ഷാ രീതിയും പരിഷ്ക്കരണം

79 [1489] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്. എസ്. എൽ. സി. പരീക്ഷ ഗ്രേഡിംഗ് സമ്പ്രദായമായി മാറ്റുന്നതിന്റെ തുടർച്ചയായി ഹയർസെക്കണ്ടറി സിലബസിലും പരീക്ഷാരീതിയിലും എന്തെങ്കിലും പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. ഹയർസെക്കണ്ടറി തലത്തിൽ ഗ്രേഡിംഗ് സമ്പ്രദായം എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly